**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4237** 09-08-2021 - ൽ മറുപടിയ്ക്ക്

**അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് ഏതെല്ലാം ചട്ടങ്ങൾ പാലിച്ചാണെന്ന് വിശദമാക്കാമോ; | (എ) | വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലം മാറ്റത്തിനുള്ള സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് ഒരു അദ്ധ്യയന വർഷം ആകെയുണ്ടാകുന്ന ഒഴിവിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി നീക്കി വച്ചിട്ടുള്ളതിൽ 60% ജനറൽ സീനിയോരിറ്റിയും 20% പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിനും 20% സഹതാപാർഹ സ്ഥലംമാറ്റത്തിനുമായാണ് നീക്കി വച്ചിട്ടുള്ളത്. ഇതിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിന് അപേക്ഷ അയയ്ക്കുമ്പോൾ ജോലി ചെയ്യുന്ന ജില്ലയിൽ പ്രസ്തുത തസ്തികയിലെ സർവ്വീസ് ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിലാണ് സീനിയോരിറ്റി കണക്കാക്കുന്നത്. |
| (ബി) | മറ്റ് വകുപ്പുകളിൽ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അനുപാതം പത്ത് ശതമാനം മാത്രമുള്ളപ്പോൾ അദ്ധ്യാപകർക്ക് ഇരുപത്തിയഞ്ച് ശതമാനമാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അദ്ധ്യാപക തസ്തികയിലുള്ളവർക്ക് മാതൃ ജില്ലയിലേയ്ക്ക് ട്രാൻസ്ഫർ ലഭിക്കുന്നതിന് അന്തർജില്ലാ സ്ഥലംമാറ്റത്തെ മാത്രമേ ആശ്രയിക്കാൻ കഴിയുകയുള്ളുവെന്ന പ്രത്യേക സാഹചര്യം നിലനിൽക്കുന്നതുകൊണ്ടാണ് വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലമാറ്റത്തിനുള്ള അനുപാതം 25% ആയി നിശ്ചയിച്ചിട്ടുള്ളത്. |
| (സി) | നിലവിൽ ഏതെങ്കിലും ജില്ലയിൽ എച്ച്.എസ്.എ. മാരുടെ അന്തർജില്ലാ സ്ഥലംമാറ്റം അനുവദനീയമായ അനുപാതത്തിൽ നിന്നും അധികരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇത് സംബന്ധിച്ച ഏതെങ്കിലും ഫയൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ? | (ഡി) | അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലമാറ്റവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ലഭ്യമാക്കിയ ശിപാർശകൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സജീവ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ